സ്കൂൾ പാഠ്യപദ്ധതി

106 (3213) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ.എസ്.ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി മരുന്ന് ബോധവല്കരണ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാഭാസ വകുപ്പുമായി ചേർന്ന് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ ശിപാർശപ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയനവർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗംമൂലമുണ്ടാകുന്ന ദൃഷ്യവശങ്ങളേയും ആരോഗ്യ പ്രശ്നങ്ങളേയും കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, അതിലൂടെ ലഹരി വിമുക്തമായതും ആരോഗ്യപൂർണ്ണവുമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ തലങ്ങളിൽ പാഠ്യവിഷയത്തിൽ ലഹരി വിരുദ്ധ ബോധവൽകരണ ആശയങ്ങൾ അടങ്ങിയ പാഠഭാഗം ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി.യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനമനുസരിച്ച് 7, 8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ ഹയർ സെക്കണ്ടറി ഇംഗ്ലീഷ് പാഠപുസ്തകത്തിലും ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്കുവേണ്ടി "അതിജീവനം" എന്ന കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി.യിലൂടെ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

107 (3214) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് അബ്കാരി നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഇത്തരം വാഹനങ്ങളിൽ നിന്നും എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തിട്ടുള്ളത് ; ജില്ല, റേഞ്ച്, ചെക്ക്പോസ്റ്റ് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) ഈ കാലയളവിൽ ഇത്തരം കേസ്സുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ ഇവ ഓരോന്നും എത്ര വീതമെന്ന് പ്രത്യേകം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly